# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5137 — 30.06.2014-ലെ മറുപടിക്ക്

## ജയിലുകളിലെ വീഡിയോ കോൺഫറൻസിംഗ് സൗകര്യം

**ചോദ്യം**

ശ്രീ.പി.എ.മാധവൻ
ശ്രീ.സി.പി.മുഹമ്മദ്
ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ.ലൂഡി ലൂയിസ്

**മറുപടി**

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) സംസ്ഥാനത്തെ ജയിലുകളേയും കോടതികളേയും ബന്ധപ്പെടുത്തി വിചാരണ തടവുകാരുടെ തെളിവെടുപ്പിന് വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ 5 ജില്ലകളിലെ കോടതികളും ജയിലുകളുമായി ബന്ധപ്പെടുത്തുന്നതിനായി വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയുണ്ടായി. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ടി സംവിധാനം വിജയകരമായി നടക്കുന്നില്ല. ടി തകരാറുകൾ പരിഹരിക്കുന്നതിനും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഇപ്പോൾ നിലവിലില്ലാത്ത 9 ജില്ലകളിൽകൂടി ടി സമ്പ്രദായം നടപ്പിലാക്കുന്നതിനുമായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) | തടവുകാരുടെ റിമാന്റ് കാലാവധി നീട്ടുന്നതിലുള്ള നടപടി ക്രമങ്ങൾ നടത്തുക, സുരക്ഷാ ഭീഷണി ഒഴിവാക്കുക, സുരക്ഷ നൽകുന്നതിനായി പോലീസിനെ ചുമതലപ്പെടുത്തുന്നതിൽ കൂടി സർക്കാരിനുണ്ടാകുന്ന ഭീമമായ യാത്രചെലവ് ഒഴിവാക്കുവാൻ കഴിയുക എന്നിവയാണ്. |
| (സി) വിചാരണ തടവുകാരെ കോടതിയിൽ കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന സുരക്ഷാ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഇത് എത്രമാത്രം സഹായകരമാകും എന്നാണ് കരുതുന്നത്; | സി) | തടവുകാരുടെ യാത്രാവേളയിലോ, കോടതി വളപ്പിലോ അവരുടെ ശത്രുക്കളിൽനിന്നുംമറ്റും ഉണ്ടാകാവുന്ന ഭീഷണി, മറ്റു ഇടപെടലുകൾ എന്നിവയിൽ നിന്നുമുള്ള പ്രശ്നങ്ങൾ ഒഴിവാക്കുവാൻ ഇതുകാരണം സഹായകമാകും. |

| | | |
|---|---|---|
| (ഡി) ഇതിനായി സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | ഡി) | വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തിയ 5 ജില്ലകളിലെ കേടായ സംവിധാനങ്ങൾ റിപ്പയർ ചെയ്ത് പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിനും, 9 ജില്ലകളിൽകൂടി പുതിയതായി വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ